# കേരള ചുമട്ടു തൊഴിലാളി ക്ഷേമ ബോർഡ്, എറണാകുളം

W6-11876/16

തീയതി : 23/01/2021

**സർക്കുലർ നമ്പർ : 37/2020-21**

വിഷയം: കേരള ചുമട്ടു തൊഴിലാളി ക്ഷേമ ബോർഡിന്റെ റോളിലുള്ള അൺ-അറ്റാച്ച്ഡ് വിഭാഗം തൊഴിലാളി മരണപ്പെട്ടാൽ ആശ്രിതർക്ക് തൊഴിലാളി മരണമടഞ്ഞ തീയതി മുതൽ തൊട്ടടുത്ത 3 മാസത്തേയ്ക്ക് പ്രതിമാസം 2500/- രൂപ വീതം 7500/- രൂപ നൽകുന്നത് പ്രതിമാസം 4000/- രൂപ വീതം പരമാവധി 12000/- രൂപയായി വർദ്ധിപ്പിക്കുന്നത് സംബന്ധിച്ച്.

സൂചന: 1) 2020-21 വർഷത്തിലെ ബഡ്ജറ്റ് ശുപാർശ
2) 13/10/20 തീയതിയിലെ എച്ച്3/100/2020 തൊഴിൽ നമ്പർ കത്ത്.
3) 01/4/2017 തീയതിയിലെ 48/2017-18 നമ്പർ ബോർഡ് സർക്കുലർ.

2017-18-ലെ ബോർഡിന്റെ ബഡ്ജറ്റ് പ്രകാരം സേവനത്തിലിരിക്കെ മരണപ്പെടുന്ന തൊഴിലാളികളുടെ കുടുംബത്തിന് മേൽസൂചന (3) പ്രകാരം തൊഴിലാളി കൈപ്പറ്റിയ ശരാശരി മാസ വേതനത്തിന്റെ പകുതിയോ, 2500/- രൂപയോ ഏതാണോ കുറവ് ആയത് 3 മാസക്കാലത്തേയ്ക്ക് ഒരു പ്രത്യേക ആശ്വാസ ധനസഹായമായി അനുവദിച്ച് വരുന്നു. 2020-2021ലെ ബോർഡിന്റെ ബഡ്ജറ്റ് നിർദ്ദേശ പ്രകാരം സേവനത്തിലിരിക്കെ മരണപ്പെടുന്ന തൊഴിലാളികളുടെ കുടുംബത്തിന് തൊട്ടടുത്ത 3 മാസത്തേയ്ക്ക് പ്രതിമാസം 2500/- രൂപ വീതം പരമാവധി 7500/- രൂപ നൽകുന്നത് പ്രതിമാസം 4000/- രൂപ വീതം പരമാവധി 12000/- രൂപയായി വർദ്ധിപ്പിക്കുന്നതിന് 13/10/20 തീയതിയിലെ എച്ച്3/100/2020 തൊഴിൽ നമ്പർ കത്ത് പ്രകാരം തീരുമാനിച്ചു.

നിയമം 18(9) -ാം വകുപ്പ്, ചട്ടം 14 എന്നിവ പ്രകാരം സേവനത്തിലിരിക്കെ മരണപ്പെട്ട തൊഴിലാളികളുടെ കുടുംബത്തിന് ആശ്വാസ ധനസഹായമായി നൽകുന്ന തുക വർദ്ധിപ്പിച്ചുകൊണ്ട് ഇതിനാൽ ഉത്തരവാകുന്നു.

സേവനത്തിലിരിക്കെ മരണപ്പെടുന്ന തൊഴിലാളികളുടെ നോമിനി / അവകാശിക്ക് മരണപ്പെട്ട തീയതി മുതൽ അടുത്ത 3 മാസക്കാലത്തേയ്ക്ക്, തൊഴിലാളി മരണപ്പെടുന്നതിന് മുൻപ് കമ്മിറ്റി മുഖേന കൈപ്പറ്റിയ 6 മാസത്തെ ശരാശരി മാസ വേതനത്തിന്റെ പകുതിയോ 4000/- രൂപയോ ഏതാണോ കുറവ് ആയത് പ്രത്യേക ധനസഹായമായി പരമാവധി 12000/- രൂപ വരെ 01/02/2021 മുതൽ നൽകേണ്ടതാകുന്നു. ആനുകൂല്യത്തിന്റെ മറ്റ് അർഹതാ മാനദണ്ഡങ്ങളിൽ യാതൊരുവിധ മാറ്റങ്ങളും ഉണ്ടായിരിക്കുന്നതല്ല.

ഈ അറിയിപ്പ് ലഭിച്ച വിവരം മടക്ക തപാലിൽ റിപ്പോർട്ട് ചെയ്യേണ്ടതും ഭേദഗതി ചെയ്യപ്പെട്ട വ്യവസ്ഥകൾ ക്ലാർക്ക് തലം മുതലുള്ള എല്ലാ ഉദ്യോഗസ്ഥരുടെയും കമ്മിറ്റി / സബ് ഓഫീസ് അംഗങ്ങളുടെയും തൊഴിലാളികളുടെയും ശ്രദ്ധയിൽപ്പെടുത്തുന്നതിന് കമ്മിറ്റി ചെയർമാൻ നടപടി സ്വീകരിക്കേണ്ടതാണ്.

(ഒപ്പ്)
ചീഫ് എക്സിക്യൂട്ടീവ് (I/c)

സ്വീകർത്താവ്,

1. എല്ലാ ജില്ലാ കമ്മിറ്റി/സബ് ഓഫീസ് ചെയർമാൻമാർക്ക്,
2. കൊച്ചിൻ പോർട്ട് ട്രസ്റ്റ് ഏരിയ കമ്മിറ്റി ചെയർമാൻ.

പകർപ്പ്:

1. ഫിനാൻസ് ഓഫീസർ / സെക്രട്ടറി
2. അക്കൗണ്ട്സ് ഓഫീസർമാർക്കും/ ജൂനിയർ സൂപ്രണ്ട്മാർക്കും
3. സ്റ്റോക്ക് ഫയൽ.

//ഉത്തരവിൻ പ്രകാരം//

ജൂനിയർ സൂപ്രണ്ട്